**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249** **01-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയെ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൻതോതിൽ നിക്ഷേപം നടത്താൻ സാമ്പത്തിക ശേഷയില്ലാത്തവർക്കും വനിതകൾക്കും ഗ്രാമീണർക്കും ഉൾപ്പെടെ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തിയുള്ള വിനോദസഞ്ചാര മേഖലയെ ആകർഷകമായ വ്യവസായമെന്ന നിലയിൽ വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | കേരള ടൂറിസത്തെ ജനകീയമാക്കി വികസിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി മാറ്റാനുള്ള സർക്കാർ തീരുമാനം ഈ മേഖലയിലെ നിർണ്ണായക ചുവടുവെയ്പ്പാണ്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപകമാക്കാനും കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുവാനും ഇതുവഴി സാധിക്കും.<br><br>പെപ്പർ, സ്ട്രീറ്റ്, അഗ്രോ ടൂറിസം നെറ്റ് വർക്ക്, സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതികൾ എന്നിവയിലൂടെ പ്രാദേശിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ ശ്രമിക്കുകയാണ്.<br><br>തദ്ദേശീയരായ ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധപ്പെടുത്തുന്നതിനുള്ള വിവിധ പരിശീലനങ്ങൾ, നൈപുണ്യ വികസന സംരഭകത്വ വികസന പരിശീലനങ്ങൾ, ടൂറിസം ഇൻഡസ്ട്രിക്കാവശ്യമായ ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, എന്നിവ സംഘടിപ്പിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിലെ നാനാതുറയിൽപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ എന്നിവയും ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പം തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്.<br><br>സ്ത്രീ സൗഹൃദ ഉത്തരവാദിത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളും സ്ത്രീ ശാക്തീകരണവും-ടൂറിസത്തിലൂടെ സ്ത്രീശാക്തീകരണം എന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്ന കാര്യമാണ്. സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, തികച്ചും സ്ത്രീ സൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തു വരുന്നു. ഇത്തരം പദ്ധതികൾ വഴി പ്രാദേശിക ടൂറിസം സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനുള്ള മാർഗ്ഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ മാറുകയാണ്. അതോടൊപ്പം പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുകയും തദ്ദേശീയ ജനതയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം ഉറപ്പാക്കുകയും ചെയ്യുന്നു. |
| (ബി) | വിനോദസഞ്ചാരത്തെ വ്യവസായമായി പ്രഖ്യാപിച്ചുകൊണ്ട് ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള സാധ്യത മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിനോദസഞ്ചാര മേഖലയ്ക്ക് വ്യവസായ മേഖലയ്ക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച ചർച്ചകൾ തുടരുകയാണ്. വ്യവസായ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ ടൂറിസം മേഖലയ്ക്ക് കൂടി ലഭ്യമാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ടൂറിസം - വ്യവസായ വകുപ്പുകളുടെ ഒരു യോഗം 20.12.2022-ൽ ചേർന്നിരുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ പരിശോധിച്ചു വരുന്നു. |
| | | | |

| | | | |
|---|---|---|---|
| (സി) | മുൻകാലത്തെ അപേക്ഷിച്ച് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിഞ്ഞത് സുസ്ഥിരമാക്കുന്ന തരത്തിൽ വിവിധ വിനോദസഞ്ചാര പദ്ധതികളിൽ നിക്ഷേപം ആകർഷിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വിനോദസഞ്ചാര മേഖലയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കാരവൻ ടൂറിസം നയം രൂപീകരിച്ച് പുതുതായി കാരവനുകൾ വാങ്ങുന്നവർക്ക് പരമാവധി 7.5 ലക്ഷം രൂപ സബ്സിഡി നൽകിവരുന്നു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് വകുപ്പ് സ്വീകരിക്കുന്നത്. കൂടുതൽ വൻകിട ഹോട്ടൽ സമുച്ചയങ്ങൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ആശയങ്ങളുമായി വിനോദസഞ്ചാര മേഖലകളിൽ എത്തുന്ന സംരംഭകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകി വരികയാണ്. കൂടാതെ വിനോദസഞ്ചാരം മേഖലയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സംരംഭകർക്ക് അക്രഡിറ്റേഷൻ നൽകിവരുന്നു.<br><br>1. ആയുർവ്വേദ സെന്റർ<br><br>2. ഹോംസ്റ്റേകൾ<br><br>3. സർവ്വീസ്ഡ് വില്ല<br><br>4. ടൂർ ഓപ്പറേറ്റർമാർ<br><br>5. റെസ്റ്റോറന്റുകൾ<br><br>6. ഫാം സ്റ്റേകൾ<br><br>7. ഹൗസ് ബോട്ടുകൾ<br><br>8. അൻപത് വർഷത്തിൻമേൽ പഴക്കമുള്ള വീട്ടുകൾ, കേരളത്തനിമയിൽ പുതുക്കിപണിയുന്നതിന് ധനസഹായം നൽകുന്ന ഗൃഹസ്ഥലി പദ്ധതി<br><br>9. അഡ്വഞ്ചർ ടൂറിസം പദ്ധതികൾക്ക് അംഗീകാരം .<br><br>ഇത് കൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ബിസിനസ്സ് മീറ്റുകളിലൂടെയും ട്രേഡ് ഫെയറുകളിലൂടെയും കേരളത്തിലെ ടൂറിസം മേഖലയിലെ നിക്ഷേപസാദ്ധ്യത വ്യവസായികളെ അറിയിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ